കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

നമ്പർ.കെ.എസ്.എ.ജി.പി.1/2227/2018 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം ഫോൺ 0471 2331231,

ഇ-മെയിൽ lfadtvm@yahoo.in,
തീയതി 10.12.2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2227/2018 തീയതി: 10.12.2018

## തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.07.2017 മുതൽ 21.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയപണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട<br>ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ എസ്.ജെ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2018മുതൽ 29.09.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജയകുമാരി കെ ആർ,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി.ആശ.ജി.ആർ,<br>സീ.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ബിന്ദുലത ബി.പി ,<br>സീ. ഗ്രേഡ്ഓഡിറ്റർ<br>ശ്രീ അരുൺ സി. എസ് ,<br>സീനി. ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. രാജു എസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വട്ടവിള രാജ് കുമാർ | 01-04-2017മുതൽ 31-03-2018വരെ |
| സെക്രട്ടറി | 1.ശ്രീ.തുളസീധരൻ നായർ ജി | 01-04-2017മുതൽ 05-04-2017വരെ |
| | 2.ശ്രീ.എം ജറാഡ്(full addnl charge) | 06.04.2017മുതൽ 28.04.2017വരെ |

| | | |
|---|---|---|
| | 3. ശ്രീമതി ഷീബ കെ.എസ് | 29.04.2017മുതൽ 08.06.2017വരെ |
| | 4. ശ്രീ. സി.വി ചന്ദ്രലാൽ | 09.06.2017മുതൽ 31-03-2018വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജോസഫ് ടി.എം | 01.04.2017മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | 1.ശ്രീമതി പ്രീത<br>2.ശ്രീമതി മഞ്ജുഷ | 01.04.2017 മുതൽ 9.01.2018വരെ<br>10.01.2018മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | 1.ശ്രീ. ബാലു കെ.എസ്.<br>2.ശ്രീമതി സ്മിതാരാജ് | 01.04.2017മുതൽ 11.06.2017വരെ<br>12.06.2017മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ദീപാ.എസ്.നായർ<br>ശ്രീമതി അനുബാല റ്റി.ഒ<br>ശ്രീമതി വിധുപാൽ ചിത്രു | 01.4.2017മുതൽ 25.09.2017വരെ.<br>26.09.17മുതൽ 11.10.17 വരെ<br>12.10.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ലിജ എസ് എൽ | 01-04-2017മുതൽ 31-03-18വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.വി.കെ.വിനോദ് കുമാർ | 01-04-2017മുതൽ 31-03-18വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എം ഷൈല | 01.04.17 മുതൽ 19.10.17വരെ |
| | ഡോ.അഗസ്റ്റിൻ | 20.10-2017മുതൽ 31-03-18വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. വിജയകുമാരി | 01-04-2017മുതൽ 31-03-18വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ലിജു.എൽ.എസ്<br>ശ്രീമതി. സൗമ്യ എസ്<br>ശ്രീ. സുനിൽ എസ്<br>ശ്രീ ജ്യോതിസ് | 01-04-2017മുതൽ09.11.17വരെ<br>10-11-2017മുതൽ07.01.18വരെ<br>08-01-2018മുതൽ28.01.18വരെ<br>29.01.18 മുതൽ 31.03.18 വരെ |
| വെറ്റിനറി സർജൻ | ഡോ. ജിനു കെ.ആർ<br>ഡോ. ബിജേഷ് | 01-04-2017മുതൽ 28.07-17വരെ<br>29.07.17 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എം ജെറാഡ്<br>ശ്രീമതി. വിജയകുമാരി | 01.04.2017 മുതൽ 16.06.2017 വരെ<br>17.06.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 | |
| 14 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ | 2-2 | |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക 2.26 ലക്ഷം | 2-3 | |
| 16 | ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ | 2-4 | |
| 17 | ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-5 | |
| 18 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 2-6 | |

| | | | |
|---|---|---|---|
| 19 | മിനിട്സ് ബുക്ക് പരിപാലനം -സമയക്രമം പാലിക്കുന്നില്ല. | 2-7 | |
| 20 | പഞ്ചായത്തിന്റെ ആസ്തിയായ കെട്ടിടങ്ങൾ കൈമാറുന്നത്- വിശദാംശങ്ങൾ ലഭ്യമായില്ല | 2-8 | |
| | ഭാഗം - 3 | | |
| 21 | ബഡ്ജറ്റ് | 3-1 | |
| 22 | പദ്ധതി തയ്യാറാക്കി നടപ്പിലാക്കി-പ്രധാനലക്ഷ്യം കൈവരിച്ചില്ല | 3-2 | |
| 23 | അനുവദനീയമല്ലാത്ത യാത്രാബത്ത നൽകി-തുക നിരാകരിക്കുന്നു | 3-3 | |
| 24 | ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക തടസപ്പെടുത്തുന്നു | 3-4 | |
| 25 | ആദായനികുതി ഈടാക്കിയില്ല തിരികെ ഈടാക്കി ഒടുക്ക് വരുത്തണം | 3-5 | |
| 26 | ശമ്പളപരിഷ്കരണ കുടിശ്ശിക സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി. | 3-6 | |
| 27 | ഉദ്ഘാടനം – ചെലവ് പരിധി ലംഘിച്ച് ചെലവ് നടത്തി | 3-7 | |
| 28 | സ്റ്റോക്ക് ഭൗതിക പരിശോധന - കമ്പ്യൂട്ടർ കണ്ടെത്തിയില്ല | 3-8 | |
| 29 | യാത്രാബത്ത – അപാകങ്ങൾ | 3-9 | |
| 30 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-10 | |
| 31 | പദ്ധതി അംഗീകാരത്തിന് വിരുദ്ധമായി നടപ്പിലാക്കി. | 3-11 | |
| 32 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ | 3-12 | |
| 33 | ഓട്ടോറിക്ഷ വാങ്ങൽ(ജനറൽ)- പദ്ധതി പൂർണമായും നടപ്പിലായില്ല- തുക തിരികെ അടയ്ക്കേണ്ടതാണ്. | 3-13 | |
| 34 | ബഡ്സ് സ്കൂൾ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ അധ്യാപികയേയും ആയയേയും നിയമിച്ചു. | 3-14 | |
| 35 | അസിസ്റ്റൻറ് സെക്രട്ടറി നിർവഹിച്ച പദ്ധതികൾ- പ്രധാന അപാകങ്ങൾ | 3-15 | |

| | | | |
|---|---|---|---|
| 36 | രൂപീകരണത്തിലെ പാളിച്ച – പദ്ധതി നടപ്പിലാക്കിയില്ല | 3-16 | |
| | ഭാഗം 4 | | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18സാമ്പത്തിക വർഷത്തെ ബജറ്റ് 28.03.2017 തിയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 241316975/- രൂപയും പ്രതീക്ഷിത ചെലവ് 235220000/- രൂപയും നീക്കിയിരിപ്പ് 6096975/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ്സ് ആന്റ് പേമെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 95800732/-രൂപയും ചെലവ് 93374795/-രൂപയും നീക്കിയിരിപ്പ് 2425937/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 16.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 - 28.06.2018 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.1/ 1468/2018 തീയതി 8.8.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9229774 |
| വരവ് | 86570958 |
| ആകെ | 95800732 |
| ചെലവ് | 93374795 |
| നീക്കിയിരിപ്പ് | 2425937 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | _ | 21447510 | 21447510 | 21447510 | _ |
| വികസന ഫണ്ട് (എസ്.സി.പി) | _ | 3980081 | 3980081 | 3980081 | _ |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | _ | 11581788 | 11581788 | 11581788 | _ |
| സംര. ഗ്രാന്റ് (നോൺറോഡ്) | _ | 4778372 | 4778372 | 4778372 | _ |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | _ | 11394137 | 11394137 | 11394137 | _ |
| പെർഫോമൻസ് ഗ്രാന്റ് | _ | 2856277 | 2856277 | 2856277 | _ |
| എം.എൻ.ആർ. | 142067 | 1667576 | 1809643 | 1744335 | 65308 |

| | | | | | |
|---|---|---|---|---|---|
| ഇ. ജി.എസ്. | | | | | |
| ബി ഫണ്ട് | _ | 1859558 | 1859558 | 1859558 | _ |
| Co operative bank | 13306 | _ | 13306 | | 13306 |
| Sbi parassala | 332301 | _ | 332301 | 296287 | 36014 |
| life | | 1000 | 1000 | | 1000 |
| തനത് ഫണ്ട് +<br>മറ്റ് വരവുകൾ | 2659210+<br>951414 | 13779484 | 17390108 | 14396760 | 2993348 |
| ജനറൽ പർപ്പസ് ഫണ്ട് | 5028254 | 12979000 | 18054072 | 18936468 | -929214 |
| Cash | 103222 | 246175 | 349397 | 103222 | 246175 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 8415961 | 2 | 2734031 | 3 | 0 | 40 |
| 2 | വെറ്റിനറി സർജൻ | 3 | 3600000 | 2 | 1035700 | 1 | 0 | 67 |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5 | 1751800 | 3 | 1050465 | 1 | 1 | 60 |
| 4 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 100000 | 1 | 100000 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 500000 | 1 | 500000 | 0 | 0 | 100 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ | 226 | 74144655 | 144 | 43477365 | 0 | 82 | 64 | |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 3610630 | 3 | 791010 | 1 | 2 | 50 | |
| 8 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 2100000 | 0 | 400000 | 1 | 0 | 0 | |
| 9 | ഹെഡ്മിസ്ട്രസ് | 7 | 3031216 | 7 | 26587500 | 0 | 0 | 100 | |
| 10 | സെക്രട്ടറി | 20 | 7161000 | 18 | 6638500 | 0 | 2 | 90 | |
| 11 | ഐ.സി. ഡി.എസ് | 6 | 4040725 | 5 | 3630401 | 0 | 1 | 83 | |
| 12 | വി.ഇ.ഒ | 15 | 9657390 | 8 | 3538200 | 2 | 5 | 53 | |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 142067 | 1667576 | 1809643 | 1744335 | 65308 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12695275 | 12695275 | 12695275 | 0 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 509640 | 1045 |
| കർഷകതൊഴിലാളി പെൻഷൻ | 4191900 | 1401 |
| വിധവാപെൻഷൻ | 4007100 | 1250 |
| വാർദ്ധക്യകാലപെൻഷൻ | 7537200 | 2418 |
| വികലാംഗപെൻഷൻ | 2152500 | 664 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 760000 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2018 ഉച്ചയ്ക്ക് 2.40ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,136/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ഭരണസമിതി ഓഫീസ് മീറ്റിംഗ് വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകുന്നുണ്ട്. എന്നാൽ ഓഫീസ് ഓർഡർ രജിസ്റ്ററായി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിലെ അക്കൗണ്ടിംഗ് രീതി സുതാര്യമാണ്. ക്യാഷും ബാങ്കുമായുള്ള നിയന്ത്രണം കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്. എല്ലാ ചെലവുകൾക്കും വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല.ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് എങ്കിലും താരതമ്യേന മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. (ജി.ഒ.എം.എസ്.18/2015/ത.സ്വ.ഭ.വ 29.01.2015) ഇതിന്റെ ഭാഗമായി ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. എന്നാൽ അപ്രകാരം യോഗം കൂടിയിട്ടില്ല.

ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രധാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട്ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട്ഓഫീസ് ഡയറിയിൽ തപാൽ നം., അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി , സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട്ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ് ഡയറി അപൂർണമാണ്. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററുകളിൽ പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2018 | 7/18 മുതൽ 8/18 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-05-2016മുതൽ 31-05-2016വരെ | 2011-12മുതൽ 2015-16വരെ | 23-07-2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കില്ല

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. കെൽപാം ആറയൂർ - ഒന്നാം പാദം
2. എൽ എം എസ് എൽബിഎസ് കൊടകര
3. പൂർണ ഓഡിറ്റോറിയം
4. ദേവനന്ദ ആഡിറ്റോറിയം
5. സായി കൃഷ്ണ പബ്ലിക് സ്കൂൾ ചെങ്കൽ
6. പൂർണ്ണ ഗ്യാസ് ഏജൻസി
7. ഹെഡ് പോസ്റ്റ് ഓഫീസ് നെയ്യാറ്റിൻകര - രണ്ടാം പാദം
മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ പൊതുവായി കാണുന്നു.

- ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കൈവശ ഗണം (Occupancy) കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇ, എഫ് എന്നീ രണ്ട് ഗണങ്ങൾക്കും പൊതുവായി 'commercial' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
- ചുറ്റുമതിൽ നിർമ്മാണ പെർമിറ്റ് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്ക് 5/- രൂപയാണെങ്കിലും പഞ്ചായത്ത് 20/- രൂപ നിരക്കിലാണ് ഫീസ് ഈടാക്കുന്നത്
- കാറ്റഗറി 1 പഞ്ചായത്തുകളിൽ തറ വിസ്തീർണ്ണം 150 ചതുരശ്ര മീറ്ററിൽ താഴെയാണെങ്കിൽ 50% ഫീസ് ഈടാക്കിയാൽ മതിയാകുന്നതാണ്. പല അപേക്ഷകളിലും തറ വിസ്തീർണ്ണം 150 ചതുരശ്രമീറ്ററിന് മുകളിലാണെങ്കിലും 150 ചതുരശ്ര മീറ്ററിൽ താഴെയായി കാണിച്ച് ഫീസ് ഈടാക്കിയിരിക്കുന്നു. ആയതിനാൽ ഇത്തരത്തിലുള്ള അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക 2.26 ലക്ഷം

ചെങ്കൽ പഞ്ചായത്ത് പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തികളിൽനിന്ന് വാടകയിനത്തിൽ കുടിശ്ശിക ഈടാക്കാനുള്ളതായി കാണുന്നു.

| ക്രമ നമ്പർ | വാടകക്കാരനെ പേര് | കുടിശ്ശിക തുക |
|---|---|---|
| 1 | സുജാത | 6000 |
| 2 | സുലോചന | 9600 |
| 3 | നാഗപ്പൻ നായർ | 9600 |
| 4 | നാഗപ്പൻ നായർ | 9600 |
| 5 | മേഴ്സി | 9600 |
| 6 | മേഴ്സി | 9600 |
| 7 | ടെലാസ് | 9600 |
| 8 | അനിൽകുമാർ | 6000 |
| 9 | ശ്രീലത | 6000 |
| 10 | ശിവാനന്ദ് | 6000 |
| 11 | ശിവാനന്ദ് | 6000 |
| 12 | സദാനന്ദൻ നായർ | 6000 |
| 13 | സദാനന്ദൻ നായർ | 9600 |
| 14 | സരസ്വതി | 30000 |
| 15 | ശ്രീലത | 15600 |
| 16 | ശ്രീലത | 30000 |

| | | |
|---|---|---|
| 17 | ശിവകുമാർ | 30000 |
| 18 | കുമാർ | 6000 |
| 19 | ശിവനാഥ് | 6000 |
| 20 | പ്രഭാകരൻ | 6000 |
| ആകെ | | 226800 |

2011-12 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് കമ്മിറ്റി വാടക ഉയർത്തുകയും അതിനെതിരെ ഏതാനും വാടകക്കാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. എന്നാൽ ഇത് സംബന്ധിച്ച ഫയൽ ഹാജരാക്കിയില്ല. ഷോപ്പിങ് കോംപ്ലക്സിന്റെ ഫയൽ പ്രകാരം 9.7.2015 ലെ ഉത്തരവുപ്രകാരം സ്റ്റേ ഓഡർ ഒരു മാസത്തേക്ക് നീട്ടിയതായി കാണുന്നു. പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്റ്റേ ഓർഡർ നീക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമല്ല. ഈ സാഹചര്യത്തിൽ കേസിലെ തൽസ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനും വ്യക്തമായ നിയമോപദേശം വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു. പഞ്ചായത്തു കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-4 ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ

ഡി & ഒ ലൈസൻസ് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

- ട്രേഡേഴ്സ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല
- ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഒപ്പുവച്ച് അംഗീകരിച്ചിട്ടില്ല
- പൂർണ ഗ്യാസ് ഏജൻസി എന്ന സ്ഥാപനത്തിന് അഗ്നിശമന വിഭാഗത്തിന്റെ നിരാക്ഷേപ പത്രം ഇല്ലാതെതന്നെ ലൈസൻസ് നൽകി. കൂടാതെ മേൽപ്പറഞ്ഞ സ്ഥാപനത്തിന് പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നൽകിയ ലൈസൻസ് 30.9.2017 അവസാനിക്കുന്നതാണ്. എന്നാൽ മുഴുവൻ വർഷത്തേക്ക് ഡി & ഒ ലൈസൻസ് നൽകി
- പോപ്പുലർ നട്സ് എന്ന സ്ഥാപനത്തിന് 1948-ലെ ഫാക്ടറി നിയമം അനുസരിച്ചുള്ള ലൈസൻസ് ഇല്ലാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു
- പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ലൈവ് സ്റ്റോക്ക് റൂൾസ് അനുസരിച്ചാണ് പൗൾട്രി ഫാമുകൾക്ക് ലൈസൻസ് അനുവദിക്കേണ്ടത് . എന്നാൽ ഇവിടെ d&o ലൈസൻസ് ആണ് അനുവദിച്ചിരിക്കുന്നത്
- തിരുവോണം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു
- ക്ലാസിക് എക്സ്റ്റീരിയർ ഡിസൈൻ എന്ന സ്ഥാപനത്തിന് അഗ്നി ശമന സേനയുടെ നിരാക്ഷേപ പത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു
- ഡി & ഒ ഡിമാൻഡ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽപ്പറഞ്ഞ അപാകതകളിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറവായി മെഷീൻ ഫീസ് ഈടാക്കി.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| 1 | സ്വിസ് ഡിയോ | 400 | 300 | 100 |
| 2 | ആർ.എസ്. സർവീസ് സ്റ്റേഷൻ | 100 | - | 100 |
| 3 | അനൂപ് ഇന്റർ ലോക്ക് | 100 | 50 | 50 |
| 4 | അജിത് ഫർണിച്ചർ മാർട്ട് | 200 | 100 | 100 |
| | ആകെ | | | 350 |

ഈടാക്കാൻ അവശേഷിക്കുന്ന 350/- രൂപ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-5 ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു 26,800/-രൂപ ലഭിക്കുവാനുള്ളതായി ഓഡിറ്റ് അന്വേഷണം നം. 7/17-18 തീയതി 22.09.2018നുള്ള മറുപടിയായി അറിയിക്കുകയുണ്ടായി.

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ്ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. 2017-18സാമ്പത്തിക വർഷം 6,65,94,422/- രൂപയുടെ മരാമത്ത് പ്രവൃത്തികളാണ് ഗ്രാമപഞ്ചായത്ത് നിർവഹിച്ചിട്ടുള്ളത്. അതായത്, കളക്ഷൻ ചാർജ്ജിനത്തിൽ 6659/- രൂപ തൻവർഷം ലഭിക്കേണ്ടിയിരുന്നു. എന്നാൽ നാമ മാത്രമായ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നു മാത്രമാണ് ഗ്രാമപഞ്ചായത്ത് കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളത്. പ്രവൃത്തി ബില്ലുകളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ

ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന തുകയ്ക്ക് കൃത്യമായി കളക്ഷൻ ചാർജ്ജ് ഈടാക്കി തനതു അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 മിനിട്സ് ബുക്ക് പരിപാലനം -സമയക്രമം പാലിക്കുന്നില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം ) ചട്ടങ്ങൾ 8,9,10 എന്നിവ പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും പ്രസ്തുത നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതുമാണ്. അദ്ധ്യക്ഷൻ അംഗീകരിച്ച യോഗനടപടിക്കുറിപ്പിന്റെ നക്കൽ സെക്രട്ടറിയ്ക്ക് ലഭിച്ചാൽ ഉടൻതന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിമിനിട്സ് ബുക്ക് ഇപ്രകാരം സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല. സകർമ സോഫ്റ്റ്വെയർ പ്രകാരമുള്ള മിനിട്സും യോഗതീരുമാനങ്ങൾ നിശ്ചിത സമയക്രമം പാലിച്ച് അംഗീകരിക്കുന്നില്ല. 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം ) ചട്ടങ്ങൾക്കനുസൃതമായി മിനിട്സ് ബുക്ക് പരിപാലിക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## 2-8 പഞ്ചായത്തിന്റെ ആസ്തിയായ കെട്ടിടങ്ങൾ കൈമാറുന്നത്- വിശദാംശങ്ങൾ ലഭ്യമായില്ല

ഗവ ഐ.ടി.ഐ മര്യാപുരം പ്രിൻസിപ്പലിന്റെ നം എം 3-65/2017(1) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഉപയോഗശൂന്യമായും നിഷ്ക്രിയ ആസ്തിയായും തുടരുന്ന മര്യാപുരം ജംഗ്ഷനിൽ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നിർമിച്ച കെട്ടിടവും മര്യാപുരത്തെ ലൈബ്രറിയും ക്രിയാത്മക വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഗവ. ഐ.ടി.ഐ മര്യാപുരത്തിന് കൈമാറാൻ അനുമതി നൽകിക്കൊണ്ടും ആയതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും 20.01.2018 പഞ്ചായത്ത് ജനറൽ കമ്മിറ്റി ഏകകണ്ഠേന തീരുമാനിച്ചു( 7(1) -ാം നമ്പർ തീരുമാനം) . ഇത് സംബന്ധിച്ച ഫയൽ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ഗവ. ഐ.ടി.ഐ ഉൾപ്പെടുന്ന മര്യാപുരം വാർഡിന്റെ (14-ാം വാർഡ്) അസസ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്വെയർ, പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച രണ്ട് കെട്ടിടങ്ങളുടെയും വിവരങ്ങൾ ( കെട്ടിട നം , ഉടമസ്ഥത, നികുതി വിശദാംശം മുതലായവ) ഉൾപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്ററുകളിൽ ഉൾപ്പെടുത്തേണ്ടതും 20/01/2018 ലെ 7(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ ഗവ. ഐ.ടി.ഐ യ്ക്ക് കൈമാറുന്നതിന് സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 39/18 തീയതി 28.09.2018 ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിയലും) ചട്ടത്തിനു വിധേയമായി സർക്കാരിന്റെ മുൻകൂട്ടിയുള്ള ആനുവാദം ലഭ്യമായശേഷമേ കെട്ടിടം മര്യാപുരം ഗവ. ഐ.ടി.ഐ യ്ക്ക് കൈമാറുകയുള്ളു എന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബഡ്ജറ്റ്

ചെങ്കൽ പഞ്ചായത്തിലെ 2017-18 ബഡ്ജറ്റ് 28.03.2017-ൽ പാസാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന വസ്തുതകൾ കണ്ടു

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 &2 പ്രകാരം ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല
- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപോസൽ annexure 3&4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2
- പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ബജറ്റ് ചർച്ചക്കായി 3 ദിവസം മുൻപ് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇവിടെ നോട്ടീസ് നൽകിയതും ബജറ്റ് ചർച്ചക്കായി യോഗം ചേർന്നതും 27.03.2017 ആണ്. ഇതനുസരിച്ച് ബഡ്ജറ്റിന് നോട്ടീസ് നൽകിയിട്ടില്ല എന്ന് കണക്കാക്കുന്നു.
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല
- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല
- ബഡ്ജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല
- പെർഫോമൻസ് ഓഡിറ്റ് വിങ് ബജറ്റ് റിവ്യൂ ചെയ്തതായി മറുപടി നൽകിയെങ്കിലും ഇത് സാധൂകരിക്കുന്ന രേഖകളോ റിപ്പോർട്ടോ ലഭ്യമല്ല

(a) വരുമാനം ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി

മുൻവർഷങ്ങളിൽ ലഭിച്ച വരവിന്റെ അടിസ്ഥാനത്തിലാണ് ബജറ്റിൽ വരുമാനം വകയിരുത്തുന്നത്. എന്നാൽ ഇവിടെ മുൻവർഷങ്ങളിൽ ലഭിച്ച വരുമാനം കണക്കാക്കാതെ ലഭിക്കാൻ സാധ്യതയുള്ള വരുമാനത്തിന്റെ പലമടങ്ങ് തുക വരുമാനമായി കാണിച്ച് ബജറ്റ് തയ്യാറാക്കി. നാളിതുവരെയായി വരുമാനം ലഭിക്കാത്ത നികുതി ഇനങ്ങളിൽ പോലും വരുമാനം ഉണ്ടെന്ന് കാണിച്ച് ബഡ്ജറ്റ് തയ്യാറാക്കി.

| ഇനം | 2015-16 ലെ വരവ് | 2016-17 ലെ ബഡ്ജറ്റ് തുക | 2016-17 ലെ വരവ് | 2017-18 ലെ ബഡ്ജറ്റ് തുക | 2017-18 ലെ വരവ് (AFS) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| Advertisement Tax | - | 50000 | - | 200000 | - |
| Show Tax | - | - | - | 200000 | - |
| Rent Auditorium | 19800 | 19800 | 20900 | 800000 | 5900 |
| Rent - Building | 44160 | 450000 | 242700 | 800000 | 191000 |
| Sale of Products | 4510 | 10000 | - | 500000 | - |
| Interest Earned | 57856 | 75000 | 139521 | 200000 | 427 |

(b) പരിധിയിൽ കൂടുതൽ സേവിങ്സ്

ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ ഉപേക്ഷിക്കുന്നത് പണം പാഴാക്കി കളയുന്നതിന് തുല്യമാണ്. ഇത് മറ്റ് പ്രോജക്കുകൾക്കായി വിനിയോഗിക്കാൻ കഴിയുമായിരുന്നു. താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതിരിക്കുകയോ കുറഞ്ഞ തുക ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട്.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | സേവിങ്സ് (%) |
|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് | 95000000 | 1744335 | 98.1 |
| കൃഷി | 5600000 | 2734031 | 51.17 |
| മൃഗ സംരക്ഷണം | 3650000 | 937000 | 74.32 |
| മത്സ്യകൃഷി | 1300000 | - | 100 |
| യുവജന ക്ഷേമം | 200000 | - | 100 |
| കംപ്യൂട്ടർ വൽക്കരണം | 500000 | 2800 | 99.44 |

(c) വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു

താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 72 പ്രകാരം അടുത്ത വർഷത്തെ ബജറ്റ് നിർദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റ് ആയി

കണക്കാക്കാൻ പാടില്ല. എന്നാൽ ചെങ്കൽ പഞ്ചായത്തിൽ ഇപ്രകാരമാണ് പുതുക്കിയ ബജറ്റ് തയാറാക്കിയത്. ആയതു ചട്ട വിരുദ്ധമാണ്. ആയതിനാൽ പുതുക്കിയ ബജറ്റ് അംഗീകരിക്കാൻ കഴിയില്ല.

| ഹെഡ് | ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| 2102001 | TA | 100000 | 110294 | 10294 |
| 2102003 | Honorarium | 1200000 | 1937207 | 737207 |
| 2102005 | TA - Members | 50000 | 137140 | 87140 |
| 2201001 | Rent | 100000 | 239108 | 139108 |
| 2205101 | Legal Expenses | 100000 | 124000 | 24000 |
| 2301002 | Diesel | 175000 | 225325 | 50325 |
| 2531012 | IKM | 50000 | 118350 | 68350 |
| 2206001 | Ads & Publicity | 10000 | 79944 | 69944 |
| Total | | | | 1186368 |

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്തി വെക്കാൻ പാടില്ല. ആയതിനാൽ മേൽപറഞ്ഞ ചെലവുകൾ അംഗീകരിക്കുന്നില്ല. ആയതിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബഡ്ജറ്റും ചെലവുകളുടെ നിയന്ത്രണവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നതാണ്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി യോഗം ചേരുന്നുണ്ടെങ്കിലും ബജറ്റിന് അനുസരിച്ചാണോ ചെലവ് ചെയ്യുന്നതെന്ന് പരിശോധിക്കുന്നില്ല. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പ് 19.4.2017-ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫിനാൻസ് സ്റ്റാൻഡിങ് കമ്മിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ആകെ 6 പദ്ധതി നിർദ്ദേശങ്ങളാണ് മുന്നോട്ടുവന്നിട്ടുള്ളത്. ധനകാര്യ വർക്കിംഗ് ഗ്രൂപ്പ് നികുതി സംബന്ധിച്ച യാതൊരു പദ്ധതി നിർദേശങ്ങളും മുന്നോട്ടുവച്ചിട്ടില്ല.

## 3-2 പദ്ധതി തയ്യാറാക്കി നടപ്പിലാക്കി-പ്രധാനലക്ഷ്യം കൈവരിച്ചില്ല

അടങ്കൽ തുക : 300000/-(വി.ഫണ്ട് ) ചെലവ്-2,40,153/-

ബിൽ നം. (1) 00871576/12.01.18 – 96503/-

(2) 00954445/08.02.18 - 48,573/-

(3) 0122899/21.03.18 – 63,773/-

(4) 1353880/28.03.18 – 31,304/-

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 05.05.17-ലെ 4-ാം നമ്പരായി തീരുമാനിച്ച് 16.09.17 ലെ 2(2 )-ാം നമ്പരായി ഭരണാനുമതി ലഭിച്ച് സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി 2017-18 ൽ നടപ്പിലാക്കിയ പ്രോജക്ട് രൂപീകരണ മോണിറ്ററിംഗ് ചെലവുകൾ (പ്രോജക്ട്നം.01/18- 3ലക്ഷം രൂപ അടങ്കൽ) പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 240153/- ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രിന്റിംഗ്, പരസ്യം, മറ്റ് കണ്ടിജൻറ് ചെലവുകൾ എന്നിവയ്ക്കാണ് മുഴുവൻ ചെലവും വന്നിട്ടുള്ളത്. പ്രധാന ലക്ഷ്യമായി കണ്ടിരുന്ന പദ്ധതി മോണിറ്ററിംഗ് സംബന്ധിച്ച് യാതൊരു ചെലവും ഉണ്ടായിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ 18 പദ്ധതികളിലും ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പദ്ധതികൾ രൂപീകരണലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് വരും വർഷങ്ങളിൽ പഞ്ചായത്ത് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

## 3-3 അനുവദനീയമല്ലാത്ത യാത്രാബത്ത നൽകി-തുക നിരാകരിക്കുന്നു

കെ.എസ്.ആർ പാർട്ട് II റൂൾ 57 പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ ഹെഡ്ക്വാർട്ടറിൽ നിന്നും 8 കിലോമീറ്റർ ചുറ്റളവുവരെ ഷോർട്ടസ്റ്റ് റൂട്ടിൽ നിർവ്വഹിക്കുന്ന ഔദ്യോഗികാവശ്യങ്ങൾക്കുള്ള യാത്രകൾക്ക് റ്റി.എ/ഡി.എ അനുവദനീയമല്ല. എന്നാൽ ചെങ്കൽ പഞ്ചായത്ത് ജീവനക്കാർ 8 കീ.മീ. പരിധിക്കുള്ളിൽ നടത്തിയ യാത്രകൾക്കും യാത്രാബത്ത അനുവദിച്ച് നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം അനുവദിച്ചതിൽ റ്റി.എ. റൂൾ പ്രകാരം അനുവദനീയമല്ലാത്ത തുക ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർനം./തിയതി | ജീവനക്കാരന്റെ പേര്/തസ്തിക | അനുവദിച്ച തുക |
|---|---|---|---|
| 1 | 21700640/23.10.17 | എം.ജറാഡ്, അസിസ്റ്റന്റ് സെക്രട്ടറി | 960/- |
| 2 | 21700640/23.10.17 | റ്റി.വേൽമുരുകൻ, ജൂനിയർ സൂപ്രണ്ട് | 320/- |
| 3 | 21700640/23.10.17 | പി.വിജയകുമാരി, അസിസ്റ്റന്റ് സെക്രട്ടറി | 320/- |
| 4 | 21700640/23.10.17 | കെ.എംക്രിസ്തുരാജൻ, സീനിയർ ക്ലാർക്ക് | 320/- |
| 5 | 21700640/23.10.17 | കെ.ആർ.ഷീബ, ഓഫീസ് അറ്റൻഡന്റ് | 4750/- |
| 6 | 21700640/23.10.17 | ആർ.ഷീല, ഓഫീസ് അറ്റൻഡന്റ് | 250/- |
| 7 | 21700905/12.11.18 | പി.വിജയകുമാരി, അസിസ്റ്റന്റ് സെക്രട്ടറി | 2240/- |
| 8 | 21700905/12.11.18 | റ്റി.വേൽമുരുകൻ, ജൂനിയർ സൂപ്രണ്ട് | 640/- |
| 9 | 21700905/12.11.18 | എ.എസ്.കനകരാജ്, എ.ഒ | 960/- |

| | | | |
|---|---|---|---|
| 10 | 21700905/12.11.18 | കെ.എം.ക്രിസ്തുരാജൻ, സീനിയർ ക്ലാർക്ക് | 960/- |
| 11 | 21700905/12.11.18 | സജി, സീനിയർ ക്ലാർക്ക് | 320/- |
| 12 | 21700905/12.11.18 | പ്രശാന്ത്,ക്ലാർക്ക് | 250/- |
| 13 | 21700905/12.11.18 | ആർ.ഷീല,ഒ.എ | 500/- |
| 14 | 21700905/12.11.18 | കെ.ആർ.ഷീബ,ഒ.എ | 2250/- |
| 15 | 21701341/22.03.18 | പി.വിജയകുമാരി,അസി.സെക്ര. | 2880/- |
| 16 | 21701341/22.03.18 | എ.എസ്.കനകരാജ്, എ.ഒ | 1280/- |
| 17 | 21701341/22.03.18 | കെ.എം ക്രിസ്തുരാജൻ, സീനിയർ ക്ലാർക്ക് | 1280/- |
| 18 | 21701341/22.03.18 | നിസാം,സീനിയർ ക്ലാർക്ക് | 960/- |
| 19 | 21701341/22.03.18 | സജി,സീനിയർ ക്ലാർക്ക് | 320/- |
| 20 | 21701341/22.03.18 | കെ.ആർ.ഷീബ, ഓഫീസ് അറ്റൻഡന്റ് | 2750/- |
| 21 | 21701341/22.03.18 | ആർ.ഷീല,ഓഫീസ് അറ്റൻഡന്റ് | 500/- |
| ആകെ | | | 25,010/- |

യാത്രയുടെ വിശദാംശങ്ങൾ 3-ാം അനുബന്ധമായി ചേർക്കുന്നു.

## 3-4 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസപ്പെടുത്തുന്നു

താഴെപ്പറയുന്ന വൗച്ചറുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

1. വട്ടവിള സപ്ലൈകോ മാർക്കറ്റ് ഉദ്ഘാടനം - വൗച്ചർ നമ്പർ 21700525 തീയതി 14.9.2017 തുക 25000/- രൂപ
2. ടാക്സി വാടക വൗച്ചർ നമ്പർ nil തീയതി 14.9.2017 തുക 3900/- രൂപ

28900/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റിനു വിധേയമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ആദായനികുതി ഈടാക്കിയില്ല - തിരികെ ഈടാക്കി ഒടുക്കു വരുത്തണം

വൗച്ചർ നമ്പർ 21700730, 21700576, 21700419, 21701111, 21701112

തീയതി 24.11.2017, 7.10.2017, 18.9.2017, 7.3.2018(2)

തുക 10000, 3000, 30000, 10000, 10000

പഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്ത വകയിൽ വക്കീൽ ഫീസ് ഇനത്തിൽ അഡ്വക്കേറ്റ് ശ്രീ രാജേന്ദ്രന് 63000രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി നിയമം വകുപ്പ് 194ജെ അനുസരിച്ച് ശ്രീ.രാജേന്ദ്രനിൽ നിന്നും 10% ആദായ നികുതി ഈടാക്കേണ്ടിയിരുന്നു. ഇപ്രകാരം നികുതി ഈടാക്കാത്തതിനാൽ 10% തുകയായ 6300/- രൂപ തിരികെ ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ശമ്പളപരിഷ്കരണ കുടിശ്ശിക സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി

ശ്രീ വേൽമുരുകൻ, ജൂനിയർ സൂപ്രണ്ടിന് 2014 ശമ്പളപരിഷ്കരണം അനുസരിച്ച് ശമ്പള കുടിശിക വിതരണം ചെയ്തിട്ടുണ്ട്. (വൗച്ചർ നം 21700681/1.11.2017). ടിയാൾ 01.07.2014 മുതൽ 09.11.2015 വരെ കേരളാ സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനിലാണ് ജോലിചെയ്തിരുന്നത്. മേൽപ്പറഞ്ഞ കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശികയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും വിതരണം ചെയ്തത്. സർക്കാർ സർക്കുലർ നം. 16/2017/ധന തീയതി 22.3.2017 അനുസരിച്ച് 01.07.2014 മുതൽ 31.01.2016 വരെ വകുപ്പിൽ അന്യത്ര സേവനത്തിലാണെങ്കിൽ ബന്ധപ്പെട്ട ഓഫീസിലേക്ക്, ആ ഓഫീസിൽ ജോലി ചെയ്തിരുന്ന കാലയളവിലെ due-drwan statement തയ്യാറാക്കി അയച്ച കൊടുക്കേണ്ടതാണ്. രണ്ടാഴ്ചയ്ക്കുള്ളിൽ മേൽപ്പറഞ്ഞ സ്ഥാപനം കുടിശ്ശിക തുക ജീവനക്കാരൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ ഇവിടെ due-drwan statement തയ്യാറാക്കി നൽകുകയോ കുടിശ്ശിക പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കുടിശ്ശികയായി നൽകിയ 25659/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബീവറേജസ് കോർപറേഷനിൽ നിന്നും തുക ഈടാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ബാക്കിയുള്ള ഗഡുക്കൾ നൽകുമ്പോൾ മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്. ഇതിനകം ബാക്കിയുള്ള ഗഡുക്കൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഉദ്ഘാടനം - ചെലവ് പരിധി ലംഘിച്ച് ചെലവ് നടത്തി

സപ്ലൈകോ സൂപ്പർ മാർക്കറ്റ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 32,900/- രൂപ ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ നം 21700262-21700270). സർക്കാർ ഉത്തരവ് (സാധാ) 3866/2015 /ത.സ്വ.ഭ.വ 28.12.2015പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് 25,000/- രൂപ വരെ ചെലവഴിക്കാവുന്നതാണ്. കൂടാതെ, പ്രസ്തുത പരിധിക്ക് അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കും. ഗ്രാമപഞ്ചായത്ത് 7900/- രൂപ അധികമായി ചെലവഴിച്ചു. അധികമായി ചെലവഴിച്ച 7900/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. കൂടാതെ 25000/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നിരാകരിച്ച 7900/- രൂപയ്ക്ക് പുറമേ 25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 സ്റ്റോക്ക് ഭൗതിക പരിശോധന - കമ്പ്യൂട്ടർ കണ്ടെത്തിയില്ല

ചെങ്കൽ പഞ്ചായത്തിൽ 29.8.2018ൽ സ്റ്റോറുകളുടെയും സ്റ്റോക്കുകളുടെയും ഭൗതിക പരിശോധന നടത്തി. സ്റ്റോക്ക് രജിസ്റ്ററിൽ കാണുന്ന താഴെപ്പറയുന്ന ഇനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല അഥവാ ഹാജരാക്കിയില്ല.

1. കമ്പ്യൂട്ടർ - 1 (സ്റ്റോക്ക് രജിസ്റ്ററിൽ 'missed' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു)
2. സ്കാനർ - 1
3. പ്രിന്റർ - 1

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സ്കാനർ പ്രവർത്തന രഹിതമായതിനാൽ ലേലത്തിൽ വിറ്റു എന്ന മറുപടിയാണ് ലഭിച്ചത്. ലേലം നടത്തിയിരിക്കുന്നത് 2018-19 സാമ്പത്തിക വർഷത്തിൽ ആണ്.

പ്രിന്റർ കേടായതിനാൽ സർവീസിനായി നൽകിയെന്ന് മറുപടി നൽകി. സർവീസിനായി നൽകിയ പ്രിന്ററിനെപ്പറ്റി യാതൊരു വിവരവും സ്റ്റോക്ക് രജിസ്റ്ററിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്തിയിട്ടില്ല. പ്രിന്റർ പുറത്തേക്ക് കൊണ്ടുപോകുന്നതിന് സെക്രട്ടറി നൽകിയ അനുവാദമോ ഗേറ്റ് പാസിന്റെ പകർപ്പോ ഹാജരാക്കിയില്ല.

'Missed' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന കമ്പ്യൂട്ടർ (Wipro - WIV68805) ശ്രീ.രാജ്കുമാർ, വൈസ് പ്രസിഡന്റിന് കൈമാറിയിട്ടുണ്ടെന്നും തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. പഞ്ചായത്തിലെ ഒരു ആസ്തി നഷ്ടമായതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സെക്രട്ടറി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയിലോ മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളിലോ ചർച്ചനടത്താൻ ആവശ്യമായ തുടർനടപടികൾ എടുത്തിട്ടില്ല. വർഷംതോറും സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറി ഭൗതിക പരിശോധന നടത്തുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കമ്പ്യൂട്ടർ ശ്രീ. രാജ് കുമാറിന് കൈമാറി എന്നാണ് മറുപടി ലഭിച്ചത്.

കമ്പ്യൂട്ടർ മുഴുവൻ സമയത്തും പഞ്ചായത്തിൽ ഉണ്ടാകേണ്ടതും ശ്രീ രാജ്കുമാറിന് കൈമാറിയിട്ടുണ്ടെങ്കിൽ അത് പരിശോധന സമയത്തു ഹാജരാക്കേണ്ടത് ടിയാന്റെ ഉത്തരവാദിത്വവും ആണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കമ്പ്യൂട്ടർ ശ്രീ.രാജ്കുമറിന് കൈമാറി എന്നാണ് മറുപടി ലഭിച്ചത്. വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിക്കുകയും ആയതിന്മേൽ പരിശോധന നടത്തുന്നതാണെന്ന് പ്രസിഡന്റ് മറുപടി നൽകുകയും ചെയ്തു.

കമ്പ്യൂട്ടർ മോഷണം പോയിട്ടുണ്ടെങ്കിൽ ആയതു പ്രകാരമുള്ള തുടർ നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 യാത്രാബത്ത -അപാകങ്ങൾ

i) ലോഗ് ബുക്ക് പരിശോധന

പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- 16.6.2017 ശേഷം യാത്ര ചെയ്ത വിവരങ്ങൾ യാത്ര ചെയ്ത ഉദ്യോഗസ്ഥൻ, കൺട്രോളിംഗ് ഓഫീസർ എന്നിവർ ഒപ്പുവെച്ചിട്ടില്ല.
- സർക്കാർ നിർദേശമനുസരിച്ച് ഫുൾ ടാങ്ക് ഇന്ധനം നിറക്കുന്നില്ല
- ഓരോ മാസത്തിലും ഉള്ള ക്ലോസിങ് രേഖപ്പെടുത്തിയിട്ടില്ല

ഇന്ധന ക്ഷമത പരിശോധന നടത്തിയിട്ടില്ല

ii) സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

വാഹനങ്ങളെ സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്.)170/07/തസ്വഭവ തീയതി 30.06.2017 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

16.10.2017 ൽ പഞ്ചായത്തിൽനിന്നും രാവിലെ 9 മണിക്ക് പുറപ്പെട്ട് ആലപ്പുഴയിൽ പോയി തിരികെ 5മണിക്ക് വന്നതിന് യാത്രാബത്ത ഇനത്തിൽ 4000/-രൂപ ശ്രീ. വട്ടവിള രാജ്കുമാർ, പ്രസിഡന്റിന് നൽകിയിട്ടുണ്ട്. ബില്ലിൽ ബസിൽ യാത്ര ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടപ്രകാരം 24 മണിക്കൂറിൽ അവസാനിക്കുന്ന യാത്രക്ക് പരമാവധി ഒരു DA അനുവദിക്കാവുന്നതാണ്. ആയതിനാൽ 400/- രൂപയ്ക്കാണ് അർഹതയുള്ളത്. അധികമായി നൽകിയ 3600/- രൂപ ടിയാനിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ് (21700881/1.1.2018)

iii) ചെലവു വൗച്ചറുകൾ ലഭ്യമല്ല

21700883/1.1.2018 8000 രൂപ യാത്രാബത്തായിനത്തിൽ ചെലവഴിച്ചിട്ടുണ്ട് എന്നാൽ 4000/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ 4000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബില്ലുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

iv) ലോഗ് ബുക്ക്, യാത്രാബത്ത രേഖകൾ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്ത് വാഹനത്തിൽ ലോഗ് ബുക്ക്, യാത്രാബത്ത രേഖകൾ ഇവ പരിശോധിച്ചപ്പോൾ പൊരുത്തക്കേടുകൾ കണ്ടു. കൂടാതെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത യാത്രകൾക്ക് വാഹനം ഉപയോഗിച്ചതായും പഞ്ചായത്ത് വാഹനം ഉപയോഗിച്ച് നടത്തിയ യാത്രകൾ മുഴുവൻ നിരക്കിൽ യാത്രാബത്ത അനുവദിച്ചതായും കണ്ടു.

ശ്രീ. വട്ടവിള രാജ്കുമാർ, പ്രസിഡന്റ്

| തീയതി | ബിൽ പ്രകാരം നടത്തിയ യാത്ര | ലോഗ് ബുക്ക് പ്രകാരം നടത്തിയ യാത്ര | നൽകിയ തുക | അർഹമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 15.6.2017 | ജില്ലാ പഞ്ചായത്ത് | പാറശ്ശാല | 400 | 200 | 200 |
| 20.6.2017 | പി.എം.ജി | - | 400 | 200 | 200 |
| 24.7.2017 | സെക്രട്ടേറിയേറ്റ് | - | 400 | 200 | 200 |
| 21.8.2017 | ഡി.പി.സി | ഓണാഘോഷം | 4200 | 200 | 200 |
| | ആകെ | | | | 800 |

